

*ലളിതകലാ അക്കാദമി ഹാളിൽ ആരംഭിച്ച കളേഴ്സ് ഓഫ് ചെയ്ഞ്ച് പ്രദർശനത്തിനു പങ്കെടുക്കുന്ന ചിത്രകാരന്മാർ ചിത്രങ്ങൾക്കു സമീപം.*

# വ്യത്യസ്തതകളുമായി അഞ്ചുപേരുടെ ചിത്രപ്രദർശനം

കോട്ടയം: വർണങ്ങളിൽ ഇന്ദ്രജാലം തീർത്ത 'കളേഴ്സ് ഓഫ് ചെയ്ഞ്ച്' ചിത്രപ്രദർശനം ലളിതകലാ അക്കാദമി ആർട്ട് ഗാലറിയിൽ ആരംഭിച്ചു. അഞ്ചു പേരുടെ ചിന്തകളാണ് എണ്ണച്ചായത്തിലും അക്രിലിക്കിലും പേനയിലും ഒക്കെയായി ഒന്നിക്കുന്നത്.

അനിരുദ്ധ് രാമൻ, കെ. ജി. ജയൻ, ശശി മേമുറി, എം. ആർ. രേണുകുമാർ, അജയ് ശേഖർ എന്നിവരുടെ ചിത്രങ്ങളാണ് പ്രദർശനത്തിലുള്ളത്. വന്ധ്യംകരിക്കപ്പെടുന്ന ജീവിത യാഥാർഥ്യങ്ങളാണ് അജയ്ശേഖറിന്റെ ചിത്രങ്ങൾ. പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ നൊമ്പരങ്ങളും ചിത്രങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. സാമൂഹിക വിമർശനങ്ങളും ചിത്രങ്ങളിലുണ്ട്.

സാങ്കേതികമായി ചിത്രരചന പഠിച്ചിട്ടില്ലാത്ത രേണുകുമാറിനു കവിയായി അറിയപ്പെടാനാണു താൽപര്യം.

കവിഭാവനയിൽ ഇടയ്ക്കിടെ അഴകു വിടർത്തുന്നവ വർണങ്ങളിൽ നിറയ്ക്കും. 'ആഫ്റ്റർ ബാത്ത്' ആണു പ്രദർശനത്തിൽ ഏറെ ശ്രദ്ധേയം. ഉടുത്തിരുന്നവ കഴുകി ഉണങ്ങാനിട്ടശേഷം പച്ചമരക്കാട്ടിലെ ഇലകളിൽ നാണംമറയ്ക്കുന്ന ഗ്രാമീണ പെൺകുട്ടി കടന്നുപോയ കാലഘട്ടത്തിന്റെ ഓർമപ്പെടുത്തലാണ്.

ഇറാക്കിനെ ആക്രമിക്കുന്ന, അധിനിവേശത്തിന്റെ കറുത്ത കൈകളെക്കുറിച്ചുള്ള പേടിപ്പെടുത്തുന്ന ഓർമകളാണ് അനിരുദ്ധ് രാമന്റെ ചിത്രങ്ങൾ.

പെൻഡ്രോയിങ്ങും ഈ യുവാവിന്റെ രചനയിലുൾപ്പെടുന്നു. തലക്കെട്ടുകളില്ലാത്ത രചനകളാണു കെ. ജി. ജയന്റേത്. സിന്ധു നദീതട സംസ്കാരത്തിന്റെ അവശിഷ്ടങ്ങളും ആദിവാസി ഊരുകളുടെ പെരുമയുമാണ് ശശി മേമുറിയുടെ ചിത്രങ്ങൾ. പ്രദർശനം 21നു സമാപിക്കും.